കവർസ്റ്റോറി

എം. സാജിദ്



# ലോക്സഭാ തെരഞ്ഞെടുപ്പ്

# സംസ്ഥാനങ്ങളിൽ ജമാഅത്ത് ആരെയൊക്കെ പിന്തുണക്കുന്നു

**ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും ഘടനയും അനുഭാവികളുമുള്ളതിനാലാണ് ഒരു ദേശീയ കാഴ്ചപ്പാട് വളർത്തിയെടുക്കാൻ ജമാഅത്തിന് കഴിയുന്നത്. സമുദായത്തിന്റെ ചില്ലറ പ്രശ്നങ്ങൾക്കപ്പുറത്ത് വിശാലമായ മാനുഷിക കാഴ്ചപ്പാട് വളർത്താനും ജമാഅത്ത് ശ്രമിച്ചുകൊണ്ടിരിക്കുന്നു. 'ജമാഅത്ത് നയത്തിൽ വൈരുധ്യം' എന്ന് വിളിച്ചുകൂവുന്നവർക്ക് ഇപ്പറഞ്ഞ രണ്ടും ഇല്ലാത്തതിനാൽ അവർ അങ്ങനെ പറഞ്ഞില്ലെങ്കിലേ അത്ഭുതപ്പെടേണ്ടൂ!**

**പതിനഞ്ചാം** ലോക്സഭാ തെരഞ്ഞെടുപ്പ് പ്രക്രിയകൾ അവസാനത്തോടടുക്കുകയാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ചില സുപ്രധാന മാറ്റങ്ങളുടെ സൂചനകൾ നൽകിക്കൊണ്ടാണ് പതിനാലാം ലോക്സഭയുടെ കാലാവധി തീരുന്നത്. വർഗീയ ഫാഷിസ്റ്റ് രാഷ്ട്രീയത്തിന് വളക്കൂറുള്ള മണ്ണല്ല ഇന്ത്യയുടേത് എന്ന സന്ദേശമാണ് അതിലൊന്നാമത്തേത്. ഇരുകക്ഷി ജനായത്തത്തിന്റെ കാലം കഴിഞ്ഞ് പ്രാദേശിക കക്ഷികളുടെ ശക്തിപ്രകടനത്തിനും കൂട്ടായ്മക്കും വഴിതുറന്നതാണ് മറ്റൊന്ന്. വ്യത്യസ്ത ആശയങ്ങളും നയനിലപാടുകളുമുള്ള സംഘടനകൾക്ക് പൊതുമിനിമം പരിപാടികളുടെ അടിസ്ഥാനത്തിൽ ഒരുമിച്ചു നിൽക്കാനും സമവായ ഭരണം നടത്താനും കഴിയും എന്ന ആശയവും ഇപ്പോൾ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

അതേസമയം ഇക്കാലയളവിൽ രാജ്യത്തിന്റെ സ്വയം നിർണയാവകാശം സാമ്രാജ്യത്വ ശക്തികൾക്കു മുന്നിൽ പണയപ്പെടുത്തപ്പെട്ടു. വിദേശശക്തികൾ ഇന്ത്യയിലെ അടുക്കള കാര്യങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുന്നു എന്ന ആരോപണം പല സംഭവങ്ങളിലൂടെ സ്ഥിരീകരിക്കപ്പെട്ടു. മറുവശത്ത് ആഗോളതലത്തിൽ അരങ്ങേറുന്ന ഭീകരവേട്ട ഭരണകൂട ഭീകരതയായി മുസ്‌ലിംകളാദി ന്യൂനപക്ഷങ്ങളെ വേട്ടയാടിക്കൊണ്ടിരുന്നു. ബി.ജെ.പിയുടെ തീവ്ര ഹിന്ദുത്വത്തെ മൃദു ഹിന്ദുത്വം കൊണ്ട് മറികടക്കാനാണ് കോൺഗ്രസ് ശ്രമിച്ചത്.

ഇത്തരമൊരു പശ്ചാത്തലത്തിൽ വളരെ ഗൗരവത്തോടെയാണ് ഇസ്‌ലാമിക പ്രസ്ഥാനം ഈ തെരഞ്ഞെടുപ്പിനെ നോക്കിക്കണ്ടത്. വരാനിരിക്കുന്ന പാർലമെന്റിനെക്കുറിച്ച ഒരു ഭാവനാ ചിത്രണം (Visualisation) മുന്നിൽ വെച്ചുകൊണ്ടാണ് ജമാഅത്ത് തെരഞ്ഞെടുപ്പ് നയം രൂപവത്കരിച്ചത്. ഫാഷിസ്റ്റ് വിരുദ്ധത, മൂല്യപ്രതിബദ്ധത, സാമ്രാജ്യത്വ വിരോധം, ന്യൂനപക്ഷ ശാക്തീകരണം എന്നീ അടിസ്ഥാനങ്ങളാണ് മൊത്തം നയത്തിന്റെ ഊടും പാവും. നാല് ഘടകങ്ങളാണ് പ്രധാനമായും ഈ നയത്തിനുള്ളത്. ഒന്ന്, വർഗീയ ഫാഷിസ്റ്റ് സ്ഥാനാർഥികളെ തോൽപിക്കുക. രണ്ട്, കോൺഗ്രസ്സിന് മുന്നണിയിൽ അമിതമായ മേൽക്കൈ ലഭിക്കാതിരിക്കുക. മൂന്ന്, ഇടത് കക്ഷികളുടെ സാന്നിധ്യം പാർലമെന്റിൽ ഉറപ്പുവരുത്തുക. നാല്, മികച്ച ന്യൂനപക്ഷ സ്ഥാനാർഥികളെ വിജയിപ്പിക്കുക.

ഈ നയം ഒരു ദേശീയ കാഴ്ചപ്പാടാണ്. ദേശീയതലത്തിൽ കേന്ദ്രീകൃതമായി നടപ്പാക്കുന്നതിനു പകരം, പ്രസ്തുത നയത്തിന്റെ വെളിച്ചത്തിൽ പ്രാദേശിക സാഹചര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ നിലപാടുകൾ സ്വീകരിക്കുകയാണ് ജമാഅത്ത് ചെയ്യുന്നത്. സ്വാഭാവികമായും പ്രധാന ദേശീയ പ്രശ്നങ്ങൾക്കു പുറമെ സംസ്ഥാന സാഹചര്യങ്ങൾകൂടി പ്രതിഫലിക്കുന്നതായിരിക്കും ഈ നിലപാടുകൾ. ഇന്ത്യൻ ഫെഡറൽ ജനാധിപത്യ സംവിധാനത്തിന്റെ ഈ സ്വാഭാവിക വൈരുധ്യവും വൈവിധ്യവും എല്ലാ രാഷ്ട്രീയ പാർട്ടികളുടെ നിലപാടുകളിലും കാണാവുന്നതാണ്.

കേരളത്തിൽ ആകെയുള്ള 20 മണ്ഡലങ്ങളിൽ ജമാഅത്ത് 18 ഇടങ്ങളിൽ ഇടതുമുന്നണിക്കും രണ്ടിടങ്ങളിൽ ഐക്യമുന്നണിക്കും പിന്തുണ നൽകി. സി.പി.എമ്മിന്റെ 14ഉം സി.പി.ഐയുടെ മൂന്നും കേരള കോൺഗ്രസ് (ജെ), മുസ്‌ലിം ലീഗ്, കോൺഗ്രസ് കക്ഷികളുടെ ഓരോ സ്ഥാനാർഥികൾക്കും ജമാഅത്ത് പിന്തുണ ലഭിച്ചു. തിരുവനന്തപുരം, എറണാകുളം മണ്ഡലങ്ങളിൽ സയണിസ്റ്റ്-സാമ്രാജ്യത്വ പശ്ചാത്തലമുള്ള കോൺഗ്രസ് സ്ഥാനാർഥികൾക്കെതിരിൽ ഇടതു സ്ഥാനാർഥികൾക്കു വേണ്ടി ജമാഅത്ത് പൊതു പ്രചാരണവും നടത്തി.

തൊട്ടടുത്ത തമിഴ്നാട്ടിൽ ജയലളിതയുടെ എ.ഐ.എ.ഡി.എം.കെയുടെ നേതൃത്വത്തിലുള്ള വിശാല സഖ്യവും ഡി.എം.കെ സഖ്യവും തമ്മിലാണ് പ്രധാന മത്സരം. ആകെയുള്ള 39 മണ്ഡലങ്ങളിൽ 27 ഇടങ്ങളിലാണ് ജമാഅത്ത് നിലപാട് പ്രഖ്യാപിച്ചത്. 7 മണ്ഡലങ്ങളിൽ കോൺഗ്രസിനും, 6 മണ്ഡലങ്ങളിൽ ഡി.എം.കെക്കും രണ്ടിടത്ത് പി.എം.കെക്കും, മുമ്മൂന്നിടങ്ങളിൽ സി.പി.എമ്മിനും, സി.പി.ഐക്കും, നാല് മണ്ഡലങ്ങളിൽ പുതിയ മുസ്‌ലിം കക്ഷിയായ മതിനേയ മക്കൾ കച്ചിക്കും ഒരു മണ്ഡലത്തിൽ മുസ്‌ലിം ലീഗിനും ജമാഅത്ത് പിന്തുണ നൽകി. പോണ്ടിച്ചേരിയിൽ കോൺഗ്രസിനാണ് ജമാഅത്ത് പിന്തുണ.

കർണാടകയിൽ ത്രികോണമത്സരമാണ് നടക്കുന്നത്. ഭരണകക്ഷിയായ ബി.ജെ.പിയും കോൺഗ്രസും ജനതാദളും (എസ്) ആണ് മത്സരരംഗത്ത്. കോൺഗ്രസും ജനതാദളും സഖ്യമുണ്ടാക്കണമെന്ന് ജമാഅത്ത് ആവശ്യപ്പെട്ടിരുന്നു. ജമാഅത്ത് സംസ്ഥാന ഓഫീസിൽ വന്ന ദേവഗൗഡയോട് സംസ്ഥാന നേതൃത്വം ഈ ആവശ്യം ഉന്നയിച്ചു. അത്തരമൊരു സഖ്യം പക്ഷേ നടക്കാതെ പോയി. 40ലധികം മുസ്‌ലിം സംഘടനകളുടെ കൂട്ടായ്മയായ കർണാടക മുസ്‌ലിം മുത്തഹിദ മഹാസിന്റെ ഭാഗമായാണ് ജമാഅത്ത് തെരഞ്ഞെടുപ്പ് നിലപാട് രൂപപ്പെടുത്തിയിരിക്കുന്നത്. ആകെയുള്ള 28 മണ്ഡലങ്ങളിൽ 23 എണ്ണത്തിൽ കോൺഗ്രസ് സ്ഥാനാർഥികളെയും 5 ഇടങ്ങളിൽ ജനതാദൾ സ്ഥാനാർഥികളെയുമാണ് മഹാസ് പിന്തുണക്കുന്നത്.

ആന്ധ്രപ്രദേശിൽ പാർലമെന്റ്-അസംബ്ലി തെരഞ്ഞെടുപ്പ് ഒന്നിച്ചാണ് നടക്കുന്നത്. തെരഞ്ഞെടുപ്പിന് വളരെ നേരത്തെ തന്നെ ജമാഅത്ത് ഒരു ജനകീയ മാനിഫെസ്റ്റോ പുറത്തിറക്കുകയും പൊതു ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഈ മാനിഫെസ്റ്റോയോടുള്ള വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതികരണങ്ങൾ കൂടി കണക്കിലെടുത്താണ് അവിടെ നിലപാട് സ്വീകരിച്ചത്. മുഖ്യമന്ത്രി വൈ. രാജശേഖര റെഡ്ഡിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്

**40ലധികം മുസ്‌ലിം സംഘടനകളുടെ കൂട്ടായ്മയായ കർണാടക മുസ്‌ലിം മുത്തഹിദ മഹാസിന്റെ ഭാഗമായാണ് ജമാഅത്ത് തെരഞ്ഞെടുപ്പ് നിലപാട് രൂപപ്പെടുത്തിയിരിക്കുന്നത്. ആകെയുള്ള 28 മണ്ഡലങ്ങളിൽ 23 കോൺഗ്രസ് സ്ഥാനാർഥികളെയും 5 ജനതാദൾ സ്ഥാനാർഥികളെയുമാണ് മഹാസ് പിന്തുണക്കുന്നത്.**

സർക്കാറിനോട് ജനങ്ങൾക്ക് പൊതുവിലും മതന്യൂനപക്ഷങ്ങൾക്ക് വിശേഷിച്ചും നല്ല മതിപ്പാണ് ഉള്ളത്. 4 ശതമാനം മുസ്‌ലിം സംവരണം അടക്കം ന്യൂനപക്ഷങ്ങൾക്ക് ഗുണകരമാവുന്ന ധാരാളം നടപടികൾ വൈ.എസ്.ആർ സർക്കാർ തുടങ്ങിവെച്ചിരുന്നു. നിയമസഭാ തെരഞ്ഞെടുപ്പ് കൂടി ഒന്നിച്ചു നടക്കുന്നതിനാൽ കോൺഗ്രസിന് പ്രാമുഖ്യം നൽകുന്ന നിലപാടാണ് ജമാഅത്ത് സ്വീകരിച്ചത്. എതിർപക്ഷത്ത് ടി.ഡി.പി നേതൃത്വം നൽകുന്ന വിശാല സഖ്യത്തിലെ ചില സ്ഥാനാർഥികളെയും ജമാഅത്ത് പരിഗണിച്ചിട്ടുണ്ട്. സാമ്രാജ്യത്വ വിരുദ്ധ നിലപാടുകൾ പരിഗണിച്ച് ഇടതുകക്ഷികളെയും ജമാഅത്ത് പിന്തുണക്കുന്നുണ്ട്. ആകെയുള്ള 42 മണ്ഡലങ്ങളിൽ 37 കോൺഗ്രസ് സ്ഥാനാർഥികളെയും രണ്ടു വീതം സി.പി.എം, ടി.ഡി.പി സ്ഥാനാർഥികളെയും ഒരു ടി.ആർ.എസ് സ്ഥാനാർഥിയെയും ജമാഅത്ത് പിന്തുണച്ചു.

ഗോവയിലെ രണ്ട് മണ്ഡലങ്ങളിൽ ബി.ജെ.പിയും കോൺഗ്രസ്-എൻ.സി.പി സഖ്യവും തമ്മിലാണ് പ്രധാന പോരാട്ടം നടക്കുന്നത്. ഇവിടെ ജമാഅത്ത് കോൺഗ്രസ്സിനെയും എൻ.സി.പിയെയും ഓരോ മണ്ഡലങ്ങളിൽ പിന്തുണച്ചു.

മഹാരാഷ്ട്രയിൽ ബി.ജെ.പി-ശിവസേന മുന്നണിയും

കോൺഗ്രസ്-എൻ.സി.പി-ആർ.പി.ഐ മുന്നണിയും തമ്മിലാണ് പ്രധാന മത്സരം. മറ്റു ചില കക്ഷികളും സ്വതന്ത്രരും ചില മണ്ഡലങ്ങളിൽ ശക്തമായ മത്സരം കാഴ്ചവെക്കുന്നുണ്ട്. ഇവിടെ ആകെയുള്ള 48 മണ്ഡലങ്ങളിൽ 43 ഇടത്തും ജമാഅത്ത് പിന്തുണ കോൺഗ്രസ്-എൻ.സി.പി-ആർ.പി.ഐ മുന്നണിക്കാണ്. 20 ഇടങ്ങളിൽ എൻ.സി.പിക്കും 21 ഇടങ്ങളിൽ കോൺഗ്രസ്സിനും രണ്ട് സീറ്റിൽ ആർ.ഡി.പിക്കും ബാക്കിയുള്ള അഞ്ച് മണ്ഡലങ്ങളിൽ രണ്ടിടങ്ങളിൽ ജമാഅത്ത് സ്വതന്ത്ര സ്ഥാനാർഥികളെ പിന്തുണക്കുമ്പോൾ ജനതാദൾ (എസ്), സമാജ് വാദി പാർട്ടി, ബി.ബി.എം എന്നീ കക്ഷികൾക്ക് ഓരോ മണ്ഡലങ്ങളിൽ പിന്തുണ നൽകുന്നു.

ഗുജറാത്തിൽ മത്സരം ബി.ജെ.പിയും കോൺഗ്രസും തമ്മിലാണ്. സ്വാഭാവികമായും ജമാഅത്ത് തീരുമാനം കോൺഗ്രസിന് അനുകൂലമാണ്. 26 മണ്ഡലങ്ങളിൽ 25ലും ജമാഅത്ത് കോൺഗ്രസിനെ പിന്തുണക്കുന്നു. ഒരിടത്ത് സ്ഥാനാർഥിയുടെ ദുഃസ്വഭാവം പരിഗണിച്ച് ജമാഅത്ത് വിട്ടുനിന്നു. ഗുജറാത്തിലെ മുസ്‌ലിം കേന്ദ്രങ്ങളിൽ ഇത്തവണ ജനങ്ങളെ ബൂത്തുകളിലെത്തിക്കാൻ ജമാഅത്ത് കാര്യമായി ശ്രമിച്ചിരുന്നു. തെരഞ്ഞെടുപ്പുകളോട് ഒരുതരം നിർവികാരത പ്രകടിപ്പിച്ചുതുടങ്ങിയ ജനങ്ങളെ ബോധവത്കരിക്കാനും രാഷ്ട്രീയമായി ശാക്തീകരിക്കാനും ജമാഅത്ത് നടത്തിയ ശ്രമങ്ങൾക്ക് നല്ല പ്രതികരണമാണ് ലഭിച്ചത്. ഇതിന് നന്ദി പറയാനായി സംസ്ഥാന കോൺഗ്രസ് അധ്യക്ഷനും സംഘവും ജമാഅത്ത് ആസ്ഥാനത്ത് എത്തിയിരുന്നു.

രാജസ്ഥാനിലും ഇരു കക്ഷി മത്സരമാണ് നടക്കുന്നത്. 25 മണ്ഡലങ്ങളിലും ജമാഅത്ത് ബി.ജെ.പിക്കെതിരെ കോൺഗ്രസ് സ്ഥാനാർഥികൾക്ക് പിന്തുണ നൽകുന്നു.

മധ്യപ്രദേശിലും മത്സരം ബി.ജെ.പിയും കോൺഗ്രസും തമ്മിലാണ്. ആകെയുള്ള 29 മണ്ഡലങ്ങളിൽ ജമാഅത്ത് നിലപാട് പ്രഖ്യാപിച്ചത് 20 ഇടങ്ങളിലാണ്. ഇവിടെ 20 മണ്ഡലങ്ങളിലും ജമാഅത്ത് പിന്തുണ കോൺഗ്രസ് സ്ഥാനാർഥികൾക്കാണ്.

ഏറ്റവും കൂടുതൽ അംഗങ്ങളെ പാർലമെന്റിലേക്കയക്കുന്ന ഉത്തർപ്രദേശിൽ അക്ഷരാർഥത്തിൽ ബഹുകക്ഷി മത്സരമാണ് നടക്കുന്നത്. ചെറുതും വലുതുമായ പത്തോളം പാർട്ടികളാണ് യു.പി.യിലെ 80 മണ്ഡലങ്ങളിൽ ഏറ്റുമുട്ടുന്നത്. 70 മണ്ഡലങ്ങളിലാണ് ജമാഅത്ത് നിലപാട് പ്രഖ്യാപിച്ചത്. 24



## ദേശീയാടിസ്ഥാനത്തിൽ ജമാഅത്ത് പിന്തുണച്ച കക്ഷികളും മണ്ഡലങ്ങളും

**ആകെ പിന്തുണച്ച മണ്ഡലങ്ങൾ 419**

| | | | |
|---|---|---|---|
| കോൺഗ്രസ് | 223 | സ്വതന്ത്രർ | 3 |
| സി.പി.എം | 26 | മുസ്‌ലിം ലീഗ് | 2 |
| സമാജ്‌വാദി പാർട്ടി | 25 | ടി.ഡി.പി | 2 |
| എൻ.സി.പി | 22 | ആർ.പി.ഐ | 2 |
| ആർ.ജെ.ഡി | 22 | ജെ.എം.എം | 2 |
| ബി.എസ്.പി | 18 | പി.എം.കെ | 2 |
| തൃണമൂൽ കോൺഗ്രസ് | 14 | കേരള കോൺഗ്രസ് | 1 |
| സി.പി.ഐ | 10 | ആർ.എസ്.പി | 1 |
| എ.യു.ഡി.എഫ് | 7 | ഫോർവേഡ് ബ്ലോക് | 1 |
| ജനതാദൾ (എസ്) | 6 | ടി.ആർ.എസ് | 1 |
| ഡി.എം.കെ | 6 | ബി.പി.പി.എഫ് | 1 |
| പീസ് പാർട്ടി | 6 | എസ്.യു.സി.ഐ | 1 |
| എൽ.ജെ.പി | 4 | അപ്നാ ദൾ | 1 |
| എം.എം.കെ | 4 | എൻ.എൽ.പി | 1 |
| ഉലമാ കൗൺസിൽ | 4 | ബി.ബി.എം | 1 |

**പശ്ചിമബംഗാളിൽ ഇടതു കക്ഷികളും ഇടതുവിരുദ്ധരും തമ്മിലാണ് മത്സരം. ഇവിടെ ആകെയുള്ള 42 മണ്ഡലങ്ങളിൽ 35 എണ്ണത്തിലാണ് ജമാഅത്ത് നിലപാട് പ്രഖ്യാപിച്ചത്. 14 മണ്ഡലങ്ങളിൽ തൃണമൂൽ കോൺഗ്രസിനും 10 മണ്ഡലങ്ങളിൽ കോൺഗ്രസിനും 7 മണ്ഡലങ്ങളിൽ സി.പി.എമ്മിനും ഓരോ മണ്ഡലങ്ങളിൽ എസ്.യു.സി.ഐക്കും ആർ.എസ്.പിക്കും ഫോർവേഡ് ബ്ലോക്കിനും സി.പി.ഐക്കുമാണ് ജമാഅത്ത് പിന്തുണ നൽകിയത്.**

മണ്ഡലങ്ങളിൽ എസ്.പിയെയും 18 മണ്ഡലങ്ങളിൽ ബി.എസ്.പിയെയും 15 മണ്ഡലങ്ങളിൽ കോൺഗ്രസിനെയും ആറ് മണ്ഡലങ്ങളിൽ പീസ് പാർട്ടിയെയും 4 മണ്ഡലങ്ങളിൽ ഉലമാ കൗൺസിലിനെയും ഓരോ മണ്ഡലങ്ങളിൽ സി.പി.ഐ, എൻ.എൽ.പി, അപ്നാ ദൾ എന്നീ കക്ഷികളെയും ജമാഅത്ത് പിന്തുണക്കുന്നു.

തൊട്ടടുത്ത ഉത്തര ഖണ്ഡിൽ ആറ് മണ്ഡലങ്ങളാണുള്ളത്. ഇവിടെ ഒരു സീറ്റിൽ ജമാഅത്ത് കോൺഗ്രസിനെ പിന്തുണക്കുന്നു.

തലസ്ഥാനമായ ദൽഹിയിലെ ആകെയുള്ള 7 സീറ്റിലും ജമാഅത്ത് കോൺഗ്രസിനെ പിന്തുണക്കുന്നു. പഞ്ചാബിലെ ആകെയുള്ള 13 മണ്ഡലങ്ങളിലും കോൺഗ്രസിനു തന്നെ പിന്തുണ. ഹരിയാനയിൽ ആകെയുള്ള 10 മണ്ഡലങ്ങളിൽ ഒരിടത്ത് ജമാഅത്ത് കോൺഗ്രസിനെ പിന്തുണക്കുന്നു.

**ആന്ധ്രപ്രദേശിൽ പാർലമെന്റ്-അസംബ്ലി തെരഞ്ഞെടുപ്പ് ഒന്നിച്ചാണ് നടക്കുന്നത്. തെരഞ്ഞെടുപ്പിന് വളരെ നേരത്തെ തന്നെ ജമാഅത്ത് ഒരു ജനകീയ മാനിഫെസ്റ്റോ പുറത്തിറക്കുകയും പൊതു ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഈ മാനിഫെസ്റ്റോയോടുള്ള വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതികരണങ്ങൾ കൂടി കണക്കിലെടുത്താണ് അവിടെ നിലപാട് സ്വീകരിച്ചത്.**

ബീഹാറിൽ ആകെ മണ്ഡലങ്ങൾ 40. ജമാഅത്ത് നിലപാട് പ്രഖ്യാപിച്ചത് 31 ഇടങ്ങളിൽ. ആർ.ജെ.ഡിയുടെ 20ഉം എൽ.ജെ.പിയുടെ 4ഉം കോൺഗ്രസ്സിന്റെ 4-ഉം എൻ.സി.പിയുടെയും സി.പി.ഐയുടെയും ഓരോ സ്ഥാനാർഥികൾക്കും ഒരു സ്വതന്ത്രനുമാണ് ഇവിടെ ജമാഅത്ത് പിന്തുണ.

ജാർഖണ്ഡിലെ 14 മണ്ഡലങ്ങളിലെ 11 ഇടങ്ങളിലാണ് ജമാഅത്ത് നയം പ്രഖ്യാപിച്ചത്. ആറ് സീറ്റുകളിൽ കോൺഗ്രസിനെയും ഈരണ്ട് സീറ്റുകളിൽ ജെ.എം.എമ്മിനെയും ആർ.ജെ.ഡിയെയും ഒരിടത്തും സി.പി.ഐയെയും ജമാഅത്ത് പിന്തുണക്കുന്നു.

പശ്ചിമബംഗാളിൽ ഇടതു കക്ഷികളും ഇടതുവിരുദ്ധരും തമ്മിലാണ് മത്സരം. 30 വർഷമായി തുടർച്ചയായി സംസ്ഥാനം ഭരിക്കുന്ന ഇടതുപക്ഷം ഏറ്റവും ശക്തമായ എതിർപ്പാണ് ഇത്തവണ നേരിടുന്നത്. ന്യൂനപക്ഷങ്ങളോടുള്ള കടുത്ത അവഗണന, വ്യാവസായികാവശ്യത്തിന് നിർബന്ധിതമായി ഭൂമി പിടിച്ചെടുക്കൽ, പാർട്ടി കേഡറിന്റെ സമാന്തര പോലീസിംഗ് തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങൾ ഉയർത്തിയാണ് ഇത്തവണ മമതയും കോൺഗ്രസും തമ്മിൽ സഖ്യമായി മുന്നേറുന്നത്. സ്വാഭാവികമായും മുസ്‌ലിംകൾ പൊതുവിൽ ഇടതുപക്ഷത്തോട് രോഷത്തിലാണ്. സി.പി.എം കോൺഗ്രസ് ആവുന്നു എന്ന ആക്ഷേപിക്കുന്ന തീവ്ര ഇടതുപക്ഷ പാർട്ടിയായ എസ്.യു.സി.ഐ പോലും സി.പി.എമ്മിനെതിരിൽ മമത-കോൺഗ്രസ് സഖ്യത്തോടൊപ്പം ചേർന്നു എന്നു പറഞ്ഞാൽ മനസ്സിലാക്കാവുന്നതേയുള്ളൂ ബംഗാളിലെ ചുവപ്പുവിരുദ്ധ തരംഗത്തിന്റെ ശക്തി. ഇവിടെ ആകെയുള്ള 42 മണ്ഡലങ്ങളിൽ 35 എണ്ണത്തിലാണ് ജമാഅത്ത് നിലപാട് പ്രഖ്യാപിച്ചത്. 14 മണ്ഡലങ്ങളിൽ തൃണമൂൽ കോൺഗ്രസിനും 10 മണ്ഡലങ്ങളിൽ കോൺഗ്രസിനും 7 മണ്ഡലങ്ങളിൽ സി.പി.എമ്മിനും ഓരോ മണ്ഡലങ്ങളിൽ എസ്.യു.സി.ഐക്കും ആർ.എസ്.പിക്കും ഫോർവേഡ് ബ്ലോക്കിനും സി.പി.ഐക്കുമാണ് ജമാഅത്ത് പിന്തുണ നൽകുന്നത്.

ആസാമിലെ 14 മണ്ഡലങ്ങളിൽ കോൺഗ്രസ്, എ.യു.ഡി.എഫ്, ബി.പി.പി.എഫ് എന്നീ കക്ഷികൾക്ക് യഥാക്രമം 6,7,1 മണ്ഡലങ്ങളിലാണ് ജമാഅത്ത് പിന്തുണ.

ശിഥിലവും നേതൃരഹിതവുമായ ഇന്ത്യയിലെ മുസ്‌ലിം സമുദായത്തിന് രാഷ്ട്രീയ ദിശാബോധം നൽകാനാണ് ജമാഅത്ത് ശ്രമിക്കുന്നത്. രാജ്യത്തുടനീളം വേരുകളുള്ള മറ്റു മുസ്‌ലിം സംഘടനകളോ നേതാക്കളോ ഇല്ലാത്തതിനാലും വിവിധ രാഷ്ട്രീയ പാർട്ടികളുടെയും താൽപര്യങ്ങളുടെയും ആജ്ഞാനുവർത്തികളായ ഒട്ടനവധി സമുദായ നേതാക്കൾ ഉള്ളതിനാലും ശ്രമകരമാണ് ജമാഅത്തിന്റെ ദൗത്യം. ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും ഘടനയും അനുഭാവികളുമുള്ളതിനാലാണ് ഒരു ദേശീയ കാഴ്ചപ്പാട് വളർത്തിയെടുക്കാൻ ജമാഅത്തിന് കഴിയുന്നത്. സമുദായത്തിന്റെ ചില്ലറ പ്രശ്നങ്ങൾക്കപ്പുറത്ത് വിശാലമായ മാനുഷിക കാഴ്ചപ്പാട് വളർത്താനും ജമാഅത്ത് ശ്രമിച്ചുകൊണ്ടിരിക്കുന്നു. 'ജമാഅത്ത് നയത്തിൽ വൈരുധ്യം' എന്ന് വിളിച്ചുകൂവുന്നവർക്ക് ഇപ്പറഞ്ഞ രണ്ടും ഇല്ലാത്തതിനാൽ അവർ അങ്ങനെ പറഞ്ഞില്ലെങ്കിലേ അത്ഭുതപ്പെടേണ്ടൂ! ■